(ബി) ഫീസിനത്തിലും മറ്റുമായി യൂണിവേഴ്സിറ്റിക്ക് പ്രസ്തുത സെന്ററുകളിലൂടെ 9,23,51,385 രൂപ (ഒൻപത് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അൻപത്തിയൊന്നായിരത്തി മുന്നൂറ്റി എൺപത്തഞ്ച് രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ചിരുന്നു.

(സി) ഉണ്ട്. കാലിക്കറ്റ്/കേരള സർവ്വകലാശാലകളുടെ ഓഫ് കാമ്പസ്/ ലേണർ സപ്പോർട്ട് സെന്ററുകൾ പൂട്ടിയിട്ടുണ്ട്.

(ഡി) യു.ജി.സി. മാനദണ്ഡങ്ങൾ പാലിക്കാതെയും സർക്കാർ അനുമതി വാങ്ങാതെയും ആരംഭിച്ച പ്രസ്തുത സെന്ററുകൾ യു.ജി.സി.-യുടെയും ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട ചാൻസലറുടെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് തുടരേണ്ടതില്ലെന്ന് തീരുമാനിച്ചത്.

വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ നിയമനം

4 (1078) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വൈസ് ചാൻസലർമാരായും പ്രോ -വൈസ് ചാൻസലർമാരായും നിയമിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വ്യക്തികളിൽ പലതരത്തിലുള്ള ആരോപണങ്ങൾ നേരിടുന്നവരും, വ്യാജ യോഗ്യത സർട്ടിഫിക്കറ്റുകളും സത്യവാങ്മൂലങ്ങളും നൽകി നിയമനം നേടിയവരും ആരെല്ലാമാണ് എന്നറിയിക്കുമോ;

(സി) പ്രസ്തുത വ്യക്തികളിൽ പുറത്താക്കപ്പെട്ടവർ ആരെല്ലാമാണെന്നും ആരോപണ വിധേയരായി തുടരുന്നവർ ആരെല്ലാമാണെന്നും എന്തെല്ലാം ആരോപണങ്ങളും/ പരാതികളും ഇവരുടെ പേരിലുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പുറത്താക്കപ്പെട്ട വൈസ്ചാൻസലർ സർവ്വകലാശാലയിൽ നിന്നും കൈപ്പറ്റിയ മൊത്തം തുക എത്രയാണ്; ഇവയിൽ ഒരുഭാഗം അനധികൃത കൈപ്പറ്റലാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്ത നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തി അനധികൃതമായി കൈക്കലാക്കിയ തുക തിരിച്ചുപിടിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളെ സംബന്ധിക്കുന്ന വിവരം താഴെകൊടുക്കുന്നു:

കേരള സർവ്വകലാശാല : വൈസ് ചാൻസലർ. ഡോ. പി. കെ. രാധാകൃഷ്ണൻ, പ്രോ-വൈസ്-ചാൻസലർ ഡോ. വീരമണികണ്ഠൻ

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല : വൈസ്-ചാൻസലർ -ഡോ. ജെ. ലത, പ്രോ-വൈസ്-ചാൻസലർ - ഡോ. കെ. പൗലോസ് ജേക്കബ്

കണ്ണൂർ സർവ്വകലാശാല : വൈസ്-ചാൻസലർ - ഡോ. എം. കെ. അബ്ദുൾ ഖാദർ, ഡോ. റ്റി. അശോകൻ

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല : വൈസ് ചാൻസലർ - ഡോ. എം. സി. ദിലീപ് കുമാർ, പ്രോ-വൈസ്-ചാൻസലർ - ഡോ. സുചേത നായർ

എം.ജി. സർവ്വകലാശാല : വൈസ് ചാൻസലർ

1. ഡോ. എ. വി. ജോർജ്ജ് (12-05-2014 വരെ)

2. ഡോ. ബാബു സെബാസ്റ്റ്യൻ, പ്രോ-വൈസ്-ചാൻസലർ ഡോ. ഷീന ഷുക്കൂർ

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല : വൈസ്-ചാൻസലർ-ശ്രീ. കെ. ജയകുമാർ

കാലിക്കറ്റ് സർവ്വകലാശാല : വൈസ്-ചാൻസലർ - ഡോ. അബ്ദുൾ സലാം, ഡോ. മുഹമ്മദ് ബഷീർ, പ്രോ-വൈസ്-ചാൻസലർ - ഡോ. കെ. രവീന്ദ്രനാഥ്

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി : വൈസ്-ചാൻസലർ - ഡോ. കഞ്ചറിയാ പി. ഐസക്, പ്രോ-വൈസ്-ചാൻസലർ - ഡോ. എം. അബ്ദുൾ റഹ്മാൻ

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് : വൈസ്-ചാൻസലർ - ഡോ. റോസ് വർഗ്ഗീസ്.

(ബി) ഡോ. എ. വി. ജോർജ്ജ്, എം.ജി. സർവ്വകലാശാല വൈസ്-ചാൻസലർ നിയമനത്തിനായുള്ള സെർച്ച് കമ്മിറ്റി മുമ്പാകെ തെറ്റായ വിവരങ്ങൾ നൽകിയിരുന്നതായി തെളിഞ്ഞിട്ടുണ്ട്.

(സി) ഡോ. എ. വി. ജോർജിനെ എം.ജി. സർവ്വകലാശാല വൈസ്-ചാൻസലർ പദവിയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്.

(ഡി) കോടതിയിൽ സമർപ്പിക്കപ്പെട്ട റിട്ട് പെറ്റീഷൻ പരിഗണിക്കവേയാണ് ഡോ. എ. വി. ജോർജ്ജിനെതിരെ നടപടി സ്വീകരിച്ചത്.

(ഇ) ഡോ. എ. വി. ജോർജ്ജ്, സർവ്വകലാശാലയുടെ വൈസ്-ചാൻസലർ ആയിരുന്ന കാലഘട്ടത്തിൽ ആകെ ശമ്പളമായ 20,81,856 രൂപയിൽ നിന്ന് പ്രൊവിഡന്റ് ഫണ്ട്, ഇൻകം ടാക്സ്, മറ്റ് നികതികൾ ഇവ ഒഴിവാക്കി 17,38,035 രൂപ കൈപ്പറ്റിയിട്ടുണ്ട്. അനധികൃതമായി ഇക കൈപ്പറ്റിയതുസംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. സർവ്വകലാശാലകളിലെ വൈസ്-ചാൻസലർക്ക് എതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ബഹുമാനപ്പെട്ട ചാൻസലറിൽ നിക്ഷിപ്തമാണ്.

ഉദുമ ഗവൺമെന്റ് കോളേജ്

5 (1079) <u>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ഉദുമ ഗവൺമെന്റ് കോളേജിൽ അദ്ധ്യാപക - അദ്ധ്യാപകേതര തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച സ്ഥിതിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കില്ല. കോളേജ് സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തുകയും കോളേജ് നിർമ്മിക്കുന്നതിന് പ്രാദേശിക എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 5 കോടി രൂപ അനുവദിക്കുകയും ചെയ്യാമെന്ന ഉറപ്പിന്മേലാണ് പുതുതായി സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly